വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) പ്രത്യേക പരിശീലനം നൽകിയിട്ടുള്ള 200 മാസ്റ്റർ ട്രെയിനർമാരെ (സർക്കാർ ഹൈസ്കൂളുകളിൽനിന്നും തെരഞ്ഞെടുത്ത ഹൈസ്കൂൾ അദ്ധ്യാപകർ) ഇതിനായി നിയോഗിച്ചിട്ടുണ്ട്. അദ്ധ്യാപക പിശീലനം നടത്താനായി എല്ലാ ജില്ലയിലും റിസോഴ്സ് സെന്ററുകളുള്ളത് കൂടാതെ എഴുപതോളം കമ്പ്യൂട്ടർ സെന്ററുകൾ വാടകയ്ക്ക് എടുത്തിട്ടുമുണ്ട്. ഇവിടങ്ങളിൽ പരിശീലനത്തിനുള്ള മോഡ്യൂൾ എസ്. സി. ഇ. ആർ. റ്റി.യുമായി ചേർന്ന് ഐ. ടി. അറ്റ് സ്കൂൾ തയ്യാറാക്കിയത് ഉപയോഗിക്കുന്നു.

(ബി) അതത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കാണ് പരിശീലനത്തിന്റെ ചുമതല. ഐ. ടി. അറ്റ് സ്കൂൾ മാസ്റ്റർ ട്രെയിനർമാരാണ് പരിശീലകർ. ഇതിനോടകം 34187 അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു.

(സി) അദ്ധ്യാപക പരിശീലനം നടത്താനായി എല്ലാ ജില്ലയിലും റിസോഴ്സ് സെന്ററുകളും കൂടാതെ എഴുപതോളം കമ്പ്യൂട്ടർ സെന്ററുകൾ വാടകയ്ക്കും എടുത്തിട്ടുമുണ്ട്.

(ഡി) എസ്. സി. ഇ. ആർ. റ്റി. യാണ് പാഠ്യ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഹാജർ പരിശോധിക്കുന്നത് വകുപ്പിലെ ഉദ്യോഗസ്ഥരാണ്.

(ഇ) പരിശീലനത്തിന് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ ഒന്നിന് പത്ത് ദിവസം ഉപയോഗിക്കുന്നതിന് പരമാവധി 800 രൂപ നിരക്കിലാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. ആദ്യ വർഷം (2002-2003) പരിശീലന പരിപാടി നടത്തിയത് തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ ഉപയോഗിച്ചായിരുന്നു. എന്നാൽ അങ്ങനെ പരിശീലനം നടത്തുമ്പോൾ സ്കൂളിൽ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പഠനത്തിൽ അസൗകര്യം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പരിശീലന പരിപാടി തെരഞ്ഞെടുത്ത അംഗീകൃത പരിശീലന കേന്ദ്രങ്ങളിൽ വച്ചുതന്നെ നടത്താൻ തീരുമാനിച്ചത്.

മണൽമാഫിയായുടെ പ്രവർത്തനം

*10 [613] *ശ്രീ. റോഷി അഗസ്റ്റിൻ:*

,, *കെ. നാരായണക്കുറുപ്പ്:*

,, *തോമസ് ചാഴികാടൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽ മാഫിയായുടെ പ്രവർത്തനം സജീവമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാരിന്റെ അനുമതിയില്ലാതെ മണൽവാരൽ നടത്തുന്ന ഇത്തരം സംഘങ്ങളെ നിയന്ത്രിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇവരുടെ പ്രവർത്തനം മൂലം സംഘർഷം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃത മണൽ ഖനനം നടത്തുന്ന സ്ഥലങ്ങൾ റെയ്ഡ് ചെയ്യുന്നതിന് എല്ലാ താലൂക്കുകളിലും തഹസിൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അനധികൃത മണൽ ഖനനം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നതിനായി ആർ. ഡി. ഒ.യ്ക്കും, ബന്ധപ്പെട്ട റവന്യൂ, പോലീസ്, പഞ്ചായത്ത് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മിന്നൽ പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും, നിയമത്തിലേയും, ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) കൊല്ലം, വയനാട് ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൊല്ലം ജില്ലയിൽ അനധികൃത മണൽഖനനം നടത്തുന്നവരെ എതിർക്കുകയോ പരാതിപ്പെടുകയോ ചെയ്താൽ പരാതിപ്പെടുന്നവരെ ഭീഷണിപ്പെടുത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ മുട്ടിൽനോർത്ത് വില്ലേജിൽ ഉൾപ്പെട്ട സ്വകാര്യ ഭൂമിയിൽനിന്നും കരമണൽ നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകിയതിനെ തുടർന്ന് ഖനനം നടത്തുകയും നിബന്ധനകൾ പാലിക്കാതെ മണൽ നീക്കം ചെയ്യുന്നുവെന്ന പരാതി ഉണ്ടായതിനെ തുടർന്ന് അന്വേഷിക്കാൻ ചെന്ന മാദ്ധ്യമ പ്രവർത്തകരെ മണൽ തൊഴിലാളികൾ കൈയ്യേറ്റം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആദിവാസികൾക്ക് വിതരണം ചെയ്യുന്ന ഭൂമിയുടെ സർവ്വേ ജോലികൾ

*11 [614] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഭൂമിയുടെ സർവ്വേ ജോലികളുടെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് വിതരണത്തിനുള്ള ഭൂമിയുടെ സർവ്വേ പ്രവർത്തനം നടന്നു വരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly